E.1060/14

കേരള സർക്കാർ

സംഗ്രഹം

കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് - ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

തൊഴിലും പുനരധിവാസവും (ബി)വകുപ്പ്

സ.ഉ.(അച്ചടിച്ചത്) നം.69/2014/തൊഴിൽ. തീയതി, തിരുവനന്തപുരം, 23.6.2014.

---

പരാമർശം: ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണറുടെ 9.12.2011 ലെ ഇ 4283/10 നമ്പർ കത്ത്.

ഉത്തരവ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്ന കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ പെൻഷൻ പദ്ധതി ഇല്ലാത്തതിനാൽ ബോർഡിൽ നിയമനം ലഭിക്കുന്നവർ മറ്റു വകുപ്പുകളിൽ ജോലി ലഭിക്കുമ്പോൾ രാജി വച്ച് പോകുന്ന സാഹചര്യം നിലനിൽക്കുന്നതായും , ഇത് ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നതായും അതിനാൽ ബോർഡ് ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുവരെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56-ൽ നിന്നും 58 വയസ്സായി ഉയർത്തണമെന്ന് ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ പരാമർശ കത്തു മുഖേന അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലെ ദയനീയ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ബോർഡിൽ പെൻഷൻ പദ്ധതി നടപ്പിലാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട് .

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നേടിയ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നിലവിലില്ലാത്ത സാഹചര്യത്തിൽ വിരമിക്കൽ പ്രായം 58 ആക്കുക എന്നത് ന്യായീകരിക്കാവുന്നതാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56-ൽ നിന്നും 58 വയസ്സായി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം ,

ടോം ജോസ്

പ്രിൻസിപ്പൽ സെക്രട്ടറി

✓ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ, കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്,
വഞ്ചിയൂർ, തിരുവനന്തപുരം.
ലേബർ കമ്മീഷണർ ,തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (19.6.2014 ലെ 53033/എച്ച്&എൽ-ബി1/14/ധന.നം. കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ &ഇ)/ (ഡി.ബി.സെൽ) , കേരള, തിരുവനന്തപുരം,
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്ത രവിൻ പ്രകാരം

സെക്ഷൻ ഓഫീസർ